**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരളാ മുനിസിപ്പൽ കോമൺ സർവ്വീസ് - ആലപ്പുഴ നഗരസഭയിലെ ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന ശ്രീ എം. ആർ. സലിംഷ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ. എ 1330/2017 ൽ 27.03.2018 തീയതിയിലെ വിധിന്യായം - നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2291/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 20.08.2018.

പരാമർശം : 1) ശ്രീ. എം. ആർ. സലിംഷ സർക്കാരിൽ സമർപ്പിച്ച 20.03.2018 തീയതിയിലെ നിവേദനം (Annexure A 18)

2) ശ്രീ. എം. ആർ. സലിംഷ, ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ. എ 1330/2017 നമ്പർ കേസിൽ 27.03.2018 തീയതിലുണ്ടായ വിധിന്യായം.

3) നഗരകാര്യ ഡയറക്ടറുടെ 18.07.2018 തീയതിയിലെ വി. 1-4018/14 നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ നഗരസഭയിലെ ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന ശ്രീ. എം. ആർ. സലിംഷ പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. തിരുവല്ല നഗരസഭയിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിലിരിക്കവെ, സസ്പെൻഡ് ചെയ്ത ഉത്തരവ് റദ്ദ് ചെയ്യണമെന്നും സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി പരിഗണിച്ച് ക്രമപ്പെടുത്തണമെന്നും ടിയാൾ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നു. ഇതേ ആവശ്യമുന്നയിച്ചുകൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ. എ 1330/2017 നമ്പർ കേസിൽ പരാമർശം 2 പ്രകാരമുള്ള വിധിയിൽ ഒന്നാം എതിർകക്ഷിയായ സർക്കാർ, അനക്ഷർ A18 അപേക്ഷ പരിശോധിച്ച് അപേക്ഷകനെ നേരിൽ കേട്ട് രണ്ട് മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ബഹു. ട്രിബ്യൂണലിന്റെ നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി, ശ്രീ. സലിംഷായെ 30.05.2018 ന് നേരിൽകേട്ടു. നേരിൽ കേട്ട സമയത്തെ ടിയാന്റെ വാദങ്ങൾ പ്രകാരം 15.02.2014 -ലെ G3 4289/2014 കത്തു മുഖേന തിരുവല്ല മുനിസിപ്പൽ ചെയർമാൻ സസ്പെന്റുചെയ്ത നടപടി നിയമവിരുദ്ധവും നീതിക്കുനിരക്കാത്തതും കെട്ടിച്ചമച്ചതുമായ കാരണങ്ങളാലാണെന്നും അതിനെതിരേ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ 01.04.2014 ലെ

ട്രിബ്യൂണൽ ഉത്തരവു പ്രകാരം നഗരകാര്യ ഡയറക്ടർ 12.08.2014 -ൽ E5-7330/2014 നമ്പർ ഉത്തരവുപ്രകാരം തൃപ്പൂണിത്തറ മുനിസിപ്പാലിറ്റിയിലെ ഒഴിവിൽ നിയമിച്ചിരുന്നു. 15.02.2014 മുതൽ 02.09.2014 വരെ സസ്പെൻഷനിലായ കാലയളവിലെ സബ്സിസ്റ്റൻസ് അലവൻസു ലഭ്യമാക്കാതെ കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ തിരികെ ജോലിയിൽ പ്രവേശിച്ചപ്പോൾ സേവനത്തിൽ നിന്നും വിട്ടുനിന്ന കാലയളവായ 6 മാസവും 17 ദിവസവും നാളിതുവരെ റെഗുലറൈസ് ചെയ്തിട്ടില്ലായെന്നും 29.09.2014 മുതൽ പലപ്രാവശ്യം നഗരകാര്യ ഡയറക്ടറോട് ഇക്കാര്യത്തിനായി അപേക്ഷ സമർപ്പിച്ചിട്ടും റഗുലറൈസ് ചെയ്തില്ലായെന്നും 31.05.2018 -തീയ്യതിയിൽ വിരമിക്കുന്നതിനാൽ പെൻഷൻ ആനുകൂല്യങ്ങളും മറ്റും ലഭ്യമാകുന്നതിന് ടി കാലയളവ് വേതനത്തോടുകൂടിയ ഡ്യൂട്ടിയായി പരിഗണിച്ചുതരണമെന്നും 24.03.2017-ലെ നഗരസഭാ സെക്രട്ടറിയുടെ ഉത്തരവ് റദ്ദുചെയ്തു തന്നെ കുറ്റവിമുക്തനാക്കണമെന്നും അഭ്യർത്ഥിച്ചു.

3. നഗരകാര്യ ഡയറക്ടറുടെ പരാമർശം 3 ലെ റിപ്പോർട്ട് പ്രകാരം തിരുവല്ല നഗരസഭയിൽ രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.എം.ആർ. സലിംഷ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ വീഴ്ചവരുത്തുകയും നഗരസഭാ കൗൺസിലർമാരോട് പൊതുജന മദ്ധ്യത്തിൽ ധിക്കാരപരമായി പെരുമാറിയെന്നുള്ള പരാതിയുടേയും കൗൺസിലർമാർക്കെതിരെ പോലീസിൽ വ്യാജപരാതി നൽകിയതായി ബോദ്ധ്യപ്പെട്ടതിന്റേയും അടിസ്ഥാനത്തിലും ശ്രീ. എം. ആർ. സലിംഷായെ 14.02.2014-ലെ 1-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം മുനിസിപ്പൽ ചെയർപേഴ്സൺ സസ്പെന്റ് ചെയ്ത് ഉത്തരവായിരുന്നു. സസ്പെൻഷന് ആസ്പദമായ വിഷയം സംബന്ധിച്ച് അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച റിപ്പോർട്ട് നഗരസഭാ കൗൺസിലിൽ അവതരിപ്പിക്കുകയും ആയത് കൗൺസിൽ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ 3 ഇൻക്രിമെന്റുകൾ സഞ്ചിതഫലത്തോടുകൂടിയല്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ടും ടിയാന്റെ സസ്പെൻഷൻ കാലയളവ് ആകസ്മിക അവധി ഒഴികെയുള്ള അർഹതപ്പെട്ട അവധിയായി പരിഗണിച്ചുകൊണ്ടും ടിയാനെ സർവ്വീസിൽ പുന:പ്രവേശിപ്പിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെയുള്ള അച്ചടക്ക നടപടി പൂർത്തിയാക്കി സസ്പെൻഷൻ കാലയളവ് ക്രമവൽക്കരിച്ച് നഗരസഭാ സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിരുന്നതായും പ്രസ്തുത ഉത്തരവിനെതിരെയാണ് ശ്രീ.എം.ആർ. സലിംഷാ സർക്കാരിൽ പരാതിപ്പെട്ടിരിക്കുന്നത് എന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, കുറ്റാരോപണ മെമ്മോയിലും കുറ്റാരോപണ പത്രികയിലും സൂചിപ്പിക്കുന്നതരത്തിൽ ശ്രീ. എം. ആർ. സലിംഷായുടെ ഭാഗത്ത് വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെന്നും ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി തിരുവല്ല നഗരസഭയെ മാലിന്യ മുക്ത നഗരസഭയായി പ്രഖ്യാപിച്ച സാഹചര്യത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിൽ മന:പൂർവ്വമായ വീഴ്ച വരുത്തി എന്ന് ബോദ്ധ്യപ്പെട്ടതിനാലാണ് തുടർനടപടികൾ ഉണ്ടായതെന്നും മാലിന്യ മുക്ത നഗരസഭാ പദ്ധതിയെ തകിടം മറിക്കുന്നതിന് ടിയാൻ ബോധപൂർവ്വം ശ്രമിച്ചതായും നഗരസഭാ ഭരണാധികാരികളോടും ജന പ്രതിനിധികളോടും അപമര്യാദയോടും അവഹേളനത്തോടും ധിക്കാരത്തോടും പെരുമാറുക വഴി ഓഫീസ് അച്ചടക്കത്തിന് വിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ടെന്ന കുറ്റം ടിയാനിൽ ചുമത്തി തുടർനടപടികൾ

സ്വീകരിച്ചിട്ടുള്ളതായി നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നഗരസഭാ ചെയർപേഴ്സന്റെ സസ്പെൻഷൻ ഓർഡർ നിലനിൽക്കുന്നതല്ല എന്ന പരാതിക്കാരന്റെ വാദഗതി ശരിയല്ലെന്നും മുനിസിപ്പൽ ചെയർപേഴ്സൺ, കൗൺസിലിന്റെ മുൻകൂട്ടിയുള്ള അറിവോ അനുമതിയോ കൂടാതെ നടത്തുന്ന സസ്പെൻഷൻ ഉൾപ്പടെയുള്ള ശിക്ഷാ നടപടികളാണ് തൊട്ടടുത്ത കൗൺസിൽ യോഗത്തിൽ അറിയിക്കേണ്ടതായിട്ടുള്ളതെന്നും നഗരസഭാ സെക്രട്ടറിയുടെറിപ്പോർട്ടിൽ പറയുന്നു. 2011-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ മേൽ നിയന്ത്രണം) ചട്ടങ്ങൾ പ്രകാരം ഒരു മുനിസിപ്പൽ ജീവനക്കാരനോ മുനിസിപ്പാലിറ്റിയുടെ അധീനതയിൽ സേവനം വിട്ടുകൊടുത്ത സബോർഡിനേറ്റ് സർവ്വീസിൽപ്പെട്ട ഒരു സർക്കാർ ഉദ്യോഗസ്ഥനോ ജീവനക്കാരനോ ഗുരുതരമോ സ്വഭാവദൂഷ്യമുൾപ്പെടുന്നതോ കടുത്ത ശിക്ഷ അർഹിക്കുന്നതോ ആയ ഒരു കുറ്റം ചെയ്തിരിക്കുന്നുവെന്നും അയാളെ സർവ്വീസിൽ തുടരാൻ അനുവദിക്കുന്നത് പൊതു താൽപ്പര്യത്തിനെതിരാണെന്നും അയാൾക്കെതിരേ നടക്കുന്നതോ നടത്താൻ ഉദ്ദേശിക്കുന്നതോ ആയ അന്വേഷണത്തെ തടസ്സപ്പെടുത്തുമെന്നും ചെയർപേഴ്സണ് പ്രഥമദൃഷ്ട്യാ ബോധ്യമാകുന്നപക്ഷം അദ്ദേഹത്തിന് പ്രസ്തുത ഉദ്യോഗസ്ഥനെ വിശദമായ അന്വേഷണത്തിനും ശിക്ഷാ നടപടിക്കും വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യാവുന്നതാണ്. ശ്രീ. സലിംഷായുടെ ഔദ്യോഗിക കൃത്യവിലോപവും കൗൺസിലർമാരോട് ധിക്കാരപരമായി പെരുമാറിയതും കൗൺസിൽ പരിഗണിച്ച് 14.02.2014-ലെ 1-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് 15.02.2014-ൽ ചെയർപേഴ്സൺ സസ്പെൻഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് ഉചിതമായി അന്വേഷണം നടത്തി റിപ്പോർട്ട് കൗൺസിൽ മുൻപാകെ സമർപ്പിക്കുന്നതിന് നഗരസഭാ ചെയർപേഴ്സണിനെ കൗൺസിൽ ചുമതലപ്പെടുത്തിയിരുന്നു. അന്വേഷണറിപ്പോർട്ടും അനുബന്ധ കാര്യങ്ങളും 18.06.2014-ലെ കൗൺസിൽ യോഗം ചർച്ച ചെയ്ത് ടിയാന് ലഘുശിക്ഷ ചുമത്തുന്നതിന് തീരുമാനമെടുത്തിട്ടുള്ളതാണ്. മുനിസിപ്പാലിറ്റി ആക്ടിലെ റൂൾ 222 (3) പ്രകാരം മുനിസിപ്പാലിറ്റിക്ക് കീഴിലുള്ള ഉദ്യോഗസ്ഥർക്കെതിരേ നടപടി എടുക്കുന്നതിന് മുനിസിപ്പൽ കൗൺസിലിന് അനുവാദമുണ്ട്.

5. 28.01.2011-ലെ സ.ഉ.(പി)നം. 26/2011/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ജീവനക്കാരുടെ പേരിൽ നഗരസഭാതലത്തിൽ തന്നെ അച്ചടക്ക നടപടികൾ സ്വീകരിക്കാവുന്നതാണ്. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരവും നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ശ്രീ. സലിംഷായുടെ അപേക്ഷയിലെ വാദഗതികൾ നിലനിൽക്കുന്നതല്ലെന്ന് വ്യക്തമാണ്. ആകയാൽ ശ്രീ. സലിംഷായുടെ അപേക്ഷ പരിഗണനാർഹമല്ലെന്ന് നഗരകാര്യ ഡയറക്ടർ സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. ബഹുമാനപ്പെട്ട ട്രിബ്യൂണലിന്റെ നിർദ്ദേശപ്രകാരം പരാതികക്ഷിയേയും നഗരകാര്യ വകുപ്പിലെ ഉദ്യോഗസ്ഥരേയും നേരിൽക്കേട്ടതിന്റേയും നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ബഹു. ട്രിബ്യൂണലിന്റെ നിരീക്ഷണത്തിനു വിധേയമായ അനക്സർ എ 18, സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീ. സലീംഷായ്ക്കെതിരെയുള്ള അച്ചടക്ക നടപടി പൂർത്തിയാക്കി വാർഷിക പ്രേരിത വർദ്ധനവ് സഞ്ചിതപ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ടും 15.02.2014 മുതൽ 02.09.2014 വരെയുള്ള സസ്പെൻഷൻ കാലയളവ് ആകസ്മിക അവധിയൊഴികെയുള്ള അർഹതപ്പെട്ട

അവധിയായി ക്രമീകരിച്ചുകൊണ്ടും 24.03.2017-ലെ G1 (G3)4289/2014 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചത് നിലവിലുള്ള നടപടിക്രമങ്ങൾ പാലിച്ചാണെന്നും കാണുന്നതിനാൽ അത് റദ്ദുചെയ്ത് ശ്രീ. സലിംഷായെ കുറ്റവിമുക്തനാക്കി തുടർനടപടികളിൽ നിന്നും ഒഴിവാക്കണമെന്ന് എ 18 നിവേദനത്തിലെ ആവശ്യം അംഗീകരിക്കാൻ കഴിയാത്തതിനാൽ പ്രസ്തുത നിവേദനത്തിലെ ആവശ്യം നിരസിച്ചുകൊണ്ട് ആയത് തീർപ്പാക്കുന്നു.. എന്നാൽ മൂന്നു വാർഷിക വേതനവർദ്ധനവ് സഞ്ചിതബലപ്രാബല്യമില്ലാതെ ഒരു വർഷത്തേയ്ക്ക് കുറവുവരുത്തിയ തീരുമാനം ശരിയായിട്ടുള്ളതല്ലായെന്നതിനാൽ 'ആയത് ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതബലപ്രാബല്യമില്ലാതെ ഒരു വർഷത്തേയ്ക്ക് ' എന്ന കുറവുവരുത്തിയും ഉത്തരവാകുന്നു.

7. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 2 ഉത്തരവിലെ നിർദ്ദേശം മേൽപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**വി. എസ്. സന്തോഷ്,**
**അണ്ടർ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, കേരളാ സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ. എം. ആർ. സലിംഷാ ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ (Rtd), ആലപ്പുഴ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**